# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട  03.05.2017 ൽ മറുപടിക്ക്
ചോദ്യം നമ്പർ : *157

## കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര സർക്കാർ നീക്കം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.പി.കെ. ശശി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | ഫാക്റ്റ്, എച്ച്.ഒ.സി, ബി.ഇ.എം.എൽ, എച്ച്.എൻ.എൽ തുടങ്ങിയ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലാണെന്ന പേരിലും കൊച്ചിൻ കപ്പൽ നിർമ്മാണശാല ലാഭത്തിലായതിനാലും സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര സർക്കാർ നീക്കത്തിൽ നിന്നും പിന്തിരിയണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ നയം. അതിനനുസൃതമായി കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളെ അപ്രകാരം നിലനിർത്തി സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് അതാത് സന്ദർഭങ്ങളിൽ കേന്ദ്ര സർക്കാരിനോട് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്.<br>കേരളത്തിൽ പ്രവർത്തിച്ചുവരുന്ന കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളായ ഫാക്റ്റ്, എച്ച്.ഒ.സി, ബി.ഇ.എം.എൽ, എച്ച്.എൻ.എൽ, കൊച്ചിൻ കപ്പൽ നിർമ്മാണശാല തുടങ്ങിയവയെ പൊതുമേഖലയിൽത്തന്നെ സംരക്ഷിച്ച് നിലനിർത്തുന്നതിനും കൂടുതൽ കേന്ദ്ര നിക്ഷേപം ഉറപ്പുവരുത്തുന്നതിനും 27.10.2016 ന് കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി അറിയിച്ചിട്ടുണ്ട്.<br>തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിച്ചു വരുന്ന ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡിന്റെ മഹാരാഷ്ട്രയിലുള്ള രസായനി യൂണിറ്റ് അടച്ചുപൂട്ടുവാൻ 2016 ലെ നീതി ആയോഗ് മീറ്റിംഗിൽ തീരുമാനിക്കുകയുണ്ടായി. എന്നാൽ കൊച്ചി യൂണിറ്റ് അടച്ചുപൂട്ടുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാരിൽ നിന്നും ഔദ്യോഗികമായ അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. ഇത് തുടർന്ന് |

പ്രവർത്തിക്കുന്നതിനായി HOCL ന്റെ എക്സിക്യൂട്ടീവ് ഡയറക്ടറുമായി 03.01.2017 ൽ സർക്കാർ ചർച്ച നടത്തി.

HNL ന്റെ ഓഹരികൾ വിറ്റഴിക്കുന്നതിന് കേന്ദ്ര ധന മന്ത്രാലയത്തിന് കീഴിലുള്ള 'Department of Invest and Public Asset Management' തീരുമാനിച്ചിട്ടുള്ളതായും ഇതനുസരിച്ചുള്ള തുടർനടപടികൾ നടന്നുവരികയാണെന്നും കമ്പനി അറിയിച്ചിട്ടുണ്ട്. HNL നെ അതിന്റെ മാതൃസ്ഥാപനത്തിൽ നിന്നും വേർപ്പെടുത്തി കേന്ദ്ര സർക്കാരിന്റെ ഘനവ്യവസായ വകുപ്പിന് കീഴിലുള്ള ഒരു സ്വതന്ത്ര സ്ഥാപനമാക്കി നിലനിർത്തണമെന്നും കമ്പനിയുടെ കടബാദ്ധ്യതകൾ തീർക്കാൻ 100 കോടി രൂപ റവന്യൂ ഗ്രാന്റായോ ലോണായോ അനുവദിക്കണമെന്നും, കമ്പനിയുടെ സ്വകാര്യവത്കരണ/ഓഹരി വിറ്റഴിക്കൽ നീക്കത്തിൽ നിന്നും പിൻമാറി ഈ കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തെ സംരക്ഷിക്കണമെന്നും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ മാതൃകമ്പനിയിൽ നിന്നും വിഭജിച്ചുകൊണ്ട് വനവ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിൽ കേന്ദ്രപൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനും വൈവിധ്യവത്ക്കരണത്തിലൂടെ മുന്നോട്ട് പോകുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കേന്ദ്രസർക്കാരിൽ നിന്നും ഉണ്ടാകണമെന്ന് ആവശ്യപ്പെട്ട് കേരള നിയമസഭ 2017 മാർച്ച് 13 ന് ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയം വഴി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ് (ബി. ഇ. എം. എൽ) എന്ന കേന്ദ്രപൊതുമേഖലാ സ്ഥാപനം സ്വകാര്യവത്കരിക്കുന്നത് സംബന്ധിച്ച് ഔദ്യോഗികമായ അറിയിപ്പൊന്നും സംസ്ഥാനത്തിന് ലഭിച്ചിട്ടില്ല.

മറ്റൊരു പൊതുമേഖലാസ്ഥാപനമായ ഫാക്ടിൽ പുതിയ യൂറിയ പ്ലാന്റ് അമ്പലമുകളിൽ സ്ഥാപിച്ച് കമ്പനിയുടെ നവീകരണം നടപ്പിലാക്കുവാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ ഫാക്ടിന്റെ പുനരധിവാസ പാക്കേജ് അംഗീകരിക്കുന്നതിനും

| | | | |
|---|---|---|---|
| | | | ആവശ്യപ്പെട്ടിരുന്നു.<br>കൂടാതെ കൊച്ചിൻ കപ്പൽ നിർമ്മാണശാലയുടെ നവീകരണത്തിനായുള്ള ധനം ബാങ്കുകളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.<br>കൊച്ചിൻ കപ്പൽ നിർമ്മാണശാലയെ സ്വകാര്യവത്കരിക്കുന്നതിനുള്ള നീക്കമില്ല എന്ന് കമ്പനി സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കാനുള്ള നീക്കവുമായി കേന്ദ്ര സർക്കാർ മുന്നോട്ട് പോകുകയാണെങ്കിൽ ഈ സ്ഥാപനങ്ങളുടെ അധീനതയിലുള്ള അമൂല്യമായ ഭൂസ്വത്ത് സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിന് ഉപയുക്തമാക്കാനായി തിരികെ കൈമാറാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; | (ബി) & (സി) | വിഭവസമാഹരണത്തിന്റെ ഭാഗമായി ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന പല പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഓഹരികൾ വിറ്റഴിക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുന്നതുമായിട്ടുള്ള നടപടികൾ സംസ്ഥാനസർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>പൊതുമേഖലാസ്ഥാപനങ്ങളെ സംരക്ഷിക്കുക വഴി തൊഴിൽസാധ്യതയും നികുതി വർദ്ധനയും ഉറപ്പുവരുത്തുക , എന്ന നയമാണ് സംസ്ഥാനസർക്കാരിനുള്ളത്. പ്രസ്തുത കേന്ദ്ര സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തി സംരക്ഷിക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് വീണ്ടും ആവശ്യപ്പെടുന്നതാണ്. |
| (സി) | പൊതുആസ്തികൾ തുച്ഛമായ വിലക്ക് വിറ്റഴിച്ച് , അതിന് മറയായി 'മേക്ക് ഇൻ ഇന്ത്യ ' തുടങ്ങിയ മുദ്രാവാക്യങ്ങൾ ഉയർത്തുന്നവരുടെ ദേശദ്രോഹ നടപടികൾ ജനങ്ങളുടെ മുമ്പാകെ തുറന്നുകാട്ടാൻ സർക്കാർ മുൻകയ്യെടുക്കുമോ ? | | |

സെക്ഷൻ ഓഫീസർ.